2007-08 വർഷം എസ്.ജി.ആർ.വൈ.
(എസ്.സി.പി.)

ഗോതമ്പ്	ഇല്ല
അരി	ഇല്ല

(ഡി) ജോലിക്ക് കൂലിയായി തൊഴിലാളികൾ ഭക്ഷ്യധാന്യം സ്വീകരിക്കുവാൻ വിമുഖത കാട്ടിയതിനാലാണ് മുഴുവൻ ഭക്ഷ്യധാന്യവും എടുത്ത് വിതരണം ചെയ്യാൻ കഴിയാതിരുന്നത്.

അസസ്മെന്റ് രജിസ്റ്റർ കാലാനുസൃതമായി പുതുക്കാൻ നടപടി

128(336) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തുകളിലെ അസ്സസ്മെന്റ് രജിസ്റ്റർ കാലാനുസൃതമായി പുതുക്കി എഴുതാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഗ്രാമപഞ്ചായത്ത് വാർഡുകൾ പുനർ നിർണ്ണയം നടത്തുമ്പോൾ പുതുക്കി എഴുതേണ്ട അസ്സസ്മെന്റ് രജിസ്റ്റർ പുതുക്കാത്തതുമൂലം റെസിഡൻഷ്യൽ സർട്ടിഫിക്കറ്റുകൾ നല്കുമ്പോൾ അവ്യക്തതയും കാലതാമസവും ഉണ്ടാകുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അസ്സസ്മെന്റ് രജിസ്റ്ററുകൾ കാലാനുസൃതമായി പുതുക്കി എഴുതുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോയെന്ന് വിശദമാക്കുമോ ;

(ഡി) ഇക്കാര്യങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 2005-ലെ വാർഡ് പുനർ നിർണ്ണയത്തെ തുടർ അസ്സെസ്സ്മെന്റ് രജിസ്റ്റർ പുതുക്കി എഴുതുന്നതിന് സർക്കാർ നിർദ്ദേശങ്ങൾ നൽകിയിരുന്നതിൻ പ്രകാരം, പഞ്ചായത്തുകളിൽ അസ്സസ്സ്മെന്റ് രജിസ്റ്ററുകൾ എഴുതി പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) 2005-ലെ വാർഡ് പുനർ നിർണ്ണയത്തെത്തുടർന്ന് സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും അസസ്സ്മെന്റ് രജിസ്റ്ററുകൾ എഴുതി പൂർത്തിയാക്കിയിട്ടുള്ള സാഹചര്യത്തിൽ റഡിഡൻഷ്യൽ സർട്ടിഫിക്കറ്റുകളും മറ്റും നൽകുന്നതിന് കാലതാമസവും അവ്യക്തതയും ഉണ്ടാകേണ്ട കാര്യമില്ല.

(സി&ഡി) സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് 2010 ഒക്ടോബറിൽ നടന്ന പൊതു തിരഞ്ഞെടുപ്പിന് തൊട്ടുമുമ്പാണ് പഞ്ചായത്തുകളിലെ വാർഡ് പുനർ നിർണ്ണയം സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷൻ പൂർത്തിയാക്കിയിട്ടുള്ളത്. 2010-ലെ വാർഡ് പുനർ നിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ അസ്സസ്സ്മെന്റ് രജിസ്റ്റർ പുതുക്കി എഴുതുന്ന കാര്യം പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly